(ഇ) വിദേശ കേരളീയർക്കായി നടപ്പിലാക്കിയ പ്രവാസി സുരക്ഷാ സാമൂഹ്യക്ഷേമ ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വമുള്ളവരുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനായി 50,000 രൂപ നൽകുന്നുണ്ട്. ഇതിന് ഒരു പ്രത്യേക ഇൻഷ്വറൻസ് പദ്ധതിക്ക് രൂപംനൽകേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

(എഫ്)ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

കോർപ്പറേഷൻ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നിയമനിർമ്മാണം

17(*163)ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരവധി സമരങ്ങളുടെ ഭാഗമായി പൊതുസ്വത്തും സർക്കാർ വാഹനങ്ങളും നശിപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുസ്വത്ത് നശിപ്പിക്കുന്നവർക്കെതിരെ പ്രിവൻഷൻ ഓഫ് ഡാമേജ് ടു പബ്ലിക് പ്രോപ്പർട്ടി (പി.ഡി.പി.പി.) ആക്ട് അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്ത് നടപടിയെടുക്കാറുണ്ടോ;

(സി) പൊതുസ്വത്ത് നശിപ്പിക്കുന്നതുമൂലം ഓരോ വർഷവും എത്ര കോടി രൂപ സർക്കാരിന് നഷ്ടപ്പെടുന്നുവെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നഷ്ടം പരിഹരിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ പൊതുസ്വത്ത് നശിപ്പിക്കുന്നവരുടെ പക്കൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് ഒരു കോർപ്പറേഷൻ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർചെയ്ത കേസ്സുകളുടെ എണ്ണവും പ്രതികളുടെ എണ്ണവും വർഷംതിരിച്ചുള്ള കണക്കും ചുവടെ ചേർക്കുന്നു.

കാലയളവ്	കേസ്സ്	പ്രതികൾ
20.5.96 മുതൽ 3.12.96 വരെ	221	1444
1997	311	2285
1998	209	1786
1999 (30.11.99) വരെ	304	2773

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുസ്വത്ത് നശിപ്പിക്കപ്പെട്ടതുമൂലം സർക്കാരിനുണ്ടായ നഷ്ടം ചുവടെ ചേർക്കുന്നു.

കാലയളവ്	നഷ്ടം (രൂപ)
20.5.96 മുതൽ 31.12.96 വരെ	16,21,490
1997	29,80,830
1998	14,77,035
1999 (30.11.99 വരെ)	78,52,454

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൊതുസ്വത്ത് നശിപ്പിക്കുന്നവർക്കെതിരെ പി.ഡി.പി.പി. ആക്ട് അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടം നികത്തുന്നതിന് മറ്റ് സംവിധാനങ്ങൾ നിലവിലില്ല

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ പ്ലാനിംഗ് ബോർഡിന്റെ പങ്ക്

18 (*164) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പിരപാടിയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡ് ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജനകീയാസൂത്രണത്തിന്റെ പുരോഗതി സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് ഇതിനകം നടത്തിയിട്ടുള്ള വിലയിരുത്തൽ വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പരിപാടിയിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനും പ്രത്യുൽപ്പാദനപരമല്ലാത്ത ആനുകൂല്യപരിപാടികൾ നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡിന് പരിധി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ജനകീയാസൂത്രണ പരിപാടി നടപ്പാക്കി വരുന്നതിൽ ഗുണപരവും ഘടനാപരവുമായ എന്തെങ്കിലും മാറ്റങ്ങൾവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) അടുത്തവർഷത്തെ പദ്ധതിപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ മുൻകൂട്ടി നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) നടപ്പ് വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ അവലോകനം, നാലാം വാർഷിക പദ്ധതി രൂപീകരണം, ജില്ലാ പദ്ധതി തയ്യാറാക്കൽ എന്നിവയ്ക്കുള്ള പരിശീലനമാണ് ജനകീയാസൂത്രണ പദ്ധതി പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് ഇപ്പോൾ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(ബി) 1. ആസൂത്രണത്തിന്റെ ആദ്യവർഷത്തിൽ പ്രോജക്ടുകളും പദ്ധതിരേഖകളും തയ്യാറാക്കുന്നതിനുണ്ടായ ന്യൂനതകൾ വലിയപരിധിവരെ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

2. ആസൂത്രണത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപ്പു വർഷത്തിൽ നാലാം വാർഷിക പദ്ധതി സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽതന്നെ അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നത്. പ്രഥമവർഷത്തിൽ സമയബന്ധിതമായ

LIBRARY ARCHIVES Kerala Legislative Assembly